ബോട്ടുയാത്രക്കാർക്ക് ഇൻഷ്വറൻസ് പരിരക്ഷ

14 (*404) ശ്രീ. വി. എൻ. വാസവൻ :
ശ്രീ. സി. കെ. സദാശിവൻ :
ശ്രീ. എം. കെ. പുരുഷോത്തമൻ :
ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബോട്ടുയാത്രക്കാരുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി ജലഗതാഗത വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) കനാൽ ആന്റ് ഫെറി നിയമത്തിന്റെ അടിസ്ഥാനത്തിലുള്ള സുരക്ഷാ ഉപകരണങ്ങൾ ബോട്ടുകളിൽ ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) ബോട്ടുകളുടെ അറ്റകുറ്റപ്പണികൾ യഥാസമയം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഡി) ബോട്ടുയാത്രക്കാർക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ജോസ് തെറ്റയിൽ) :

(എ&ബി) ബോട്ടുയാത്രക്കാരുടെ സുരക്ഷ ഉറപ്പാക്കാനായി ബോട്ടുകളിൽ പാസഞ്ചർ കപ്പാസിറ്റിക്കനുസൃതമായി കനാൽ ആന്റ് ഫെറി ആക്ട് അനുശാസിക്കുന്ന ജീവൻ രക്ഷാ ഉപകരണങ്ങളായ ലൈഫ് ബോയ്, ബോയന്റ് അപ്പാരറ്റസ് എന്നിവ സൂക്ഷിച്ചിട്ടുണ്ട്.

(സി) ബോട്ടുകളുടെ അറ്റകുറ്റപ്പണികൾ യഥാസമയം നടത്തുന്നതിന് നടപടികൾ സ്വീകരിക്കുന്നുണ്ട്.

(ഡി) ഉണ്ട്. ബോട്ടുകളിലെ ജീവനക്കാർക്കും യാത്രക്കാർക്കും നാഷണൽ ഇൻഷ്വറൻസ് കമ്പനി മുഖേന ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിനായി രൂപ 1,45,823 (ഒരു ലക്ഷത്തി നാല്പത്തി അയ്യായിരത്തി എണ്ണൂറ്റി ഇരുപത്തിമൂന്ന് രൂപ) പ്രീമിയമായി അടച്ചിട്ടുണ്ട്. ഈ സ്കീം പ്രകാരം അപകടത്തിൽ ഭാഗിക ഡിസെബിലിറ്റി സംഭവിക്കുന്ന യാത്രക്കാരന്/ജീവനക്കാരന് 50,000 രൂപയും (അൻപതിനായിരം രൂപ) സ്ഥിരമായി ഡിസെബിലിറ്റി അല്ലെങ്കിൽ മരണം സംഭവിച്ചാൽ ഒരു ലക്ഷം രൂപയും നഷ്ടപരിഹാരമായി ലഭിക്കും.

അനധികൃതമായി പതിച്ചുനൽകിയ സർക്കാർ ഭൂമി

15 (*405) ശ്രീ. എ. പി. അനിൽകുമാർ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എൻ. ശക്തൻ :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് അനധികൃതമായി സർക്കാർ ഭൂമി പതിച്ചു നൽകിയ എത്ര കേസ്സുകൾ കണ്ടെത്തിയെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly